"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഇളവംപാടം കെ ഇ എ എൽ പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ബിന്ദു മോൾ. സി. സി ഫയൽ ചെയ്ത WP(C)No. 24575/2021-ാം നമ്പർ ഹർജിയിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച 09.11.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1262/2022/GEDN തീയതി,തിരുവനന്തപുരം, 03-03-2022

പരാമർശം:-
1. പാലക്കാട് ഇളവംപാടം കെ ഇ എ എൽ പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ബിന്ദു മോൾ. സി. സിയുടെ 18/10/2021 തീയതിയിലെ പുന:പരിശോധനാ ഹർജി.
(Ext. P9 പുന:പരിശോധനാ ഹർജി).
2. ബഹു. കേരള ഹൈക്കോടതിയുടെ 09.11.2021-ലെ ഡബ്ല്യൂ. പി (സി) നം. 24575/2021- നമ്പുള്ള വിധിന്യായം.

ഉത്തരവ്

പാലക്കാട് ഇളവംപാടം കെ ഇ എ എൽ പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ബിന്ദു മോൾ. സി. സി ഫയൽ ചെയ്ത WP(C)No. 24575/2021-ാം നമ്പർ ഹർജിയിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ ഫയൽ ചെയ്ത Ext. P9 പുന:പരിശോധനാ ഹർജി(പരാമർശം 1) ഹർജിക്കാരിയെയും അഞ്ചാം എതിർ കക്ഷയായ ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം ലഭിക്കുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗ്രഗിൾ മീറ്റ് സംവിധാനത്തിലൂടെ 18.02.2022ന് കേൾക്കുന്നതിനായി നോട്ടീസ് ഹർജിക്കാരിയ്ക്കും മാനേജർക്കും രജിസ്റ്റേഡ് കത്തായി അയച്ചിരുന്നു. ഹർജിക്കാരിയോ മാനേജറോ ഹിയറിങ്ങിൽ ഹാജരായിരുന്നില്ല. മാനേജർക്ക് അയച്ച നോട്ടീസ് "unclaimed" എന്നു പോസ്റ്റൽ അധികാരികൾ രേഖപ്പെടുത്തി തിരികെ ലഭിച്ചിട്ടുണ്ട്.

2. കേസിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:-

പാലക്കാട് ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള ഇളവംപാടം എ ഇ എം എ എൽ പി സ്കൂളിലെ പ്രധാനാധ്യാപകനായ ശ്രീ എം കെ കബീർ 31-5-2019 ന് സേവനത്തിൽ നിന്നും വിരമിച്ചത് മുഖേന ലഭ്യമായ ഒഴിവിൽ സീനിയർ ആയ ശ്രീമതി ബിന്ദു പി വി യെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുമ്പോൾ പകരം ഉണ്ടാകുന്ന എൽ പി എസ് ടി ഒഴിവിലേക്ക് ഹർജിക്കാരിയായ ശ്രീമതി ബിന്ദു മോൾ സി യുടെ 6-6-2019 മുതലുള്ള നിയമനം അംഗീകരിക്കുന്നതിന് അപേക്ഷ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. സ്കൂളിന്റെ മാനേജരായിരുന്ന ശ്രീമതി പി എഫ് ത്രേസ്യ മരണപ്പെട്ടതിനെ തുടർന്ന് അംഗീകൃത മാനേജർ ഇല്ലാത്തതിനാൽ ശ്രീമതി ബിന്ദു വിയുടെ സ്ഥാനക്കയറ്റം അംഗീകരിച്ചിരുന്നില്ല. അതുകൊണ്ട് ശ്രീമതി ബിന്ദു മോൾ സി സി യുടെ നിയമനം ആലത്തൂർ ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർന്ന സ്കൂളിലെ സീനിയർ അധ്യാപികയായ ശ്രീമതി ബിന്ദു വിയുടെ അപേക്ഷപ്രകാരം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ സംരക്ഷിത അധ്യാപകനായ ശ്രീ റോയ് പി എമ്മിന് ടി സ്കൂളിലേക്ക് പുനർ വിന്യസിച്ച് ഉത്തരവ് നൽകിയിരുന്നു. ടിയാൻ 20-11-2019 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ 6-6-2019 മുതൽ അംഗീകാരമില്ലാതെ ജോലി ചെയ്തുവരുന്ന ശ്രീമതി ബിന്ദു മോൾ സി സി യ്ക്ക് ജോലിയിൽ തുടരാൻ കഴിയാതെയായി. ഇതേതുടർന്ന് ടി അധ്യാപിക പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്കു നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ റോയ് പി എമ്മിനെ പ്രസ്തുത സ്കൂളിൽ നിന്നും മാറ്റി മറ്റൊരു സ്കൂളിലേക്ക് മാറ്റി ഉത്തരവായി. അതിൻപ്രകാരം ടിയാൻ 6-1-2020 ന് ഇളം പാടം സ്കൂളിൽ നിന്നും വിടുതൽ ചെയ്യുകയുമുണ്ടായി. തന്റെ 6-6-2019 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട ശ്രീമതി ബിന്ദു മോൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ പരിശോധിച്ചശേഷം ശ്രീമതി ബിന്ദു മോൾക്ക് 51എ അവകാശം ഇല്ലെന്നും പ്രസ്തുത സ്കൂളിൽ അംഗീകൃത മാനേജർ ഇല്ലെന്നുമുള്ള നിരീക്ഷണം നടത്തി ശ്രീമതി ബിന്ദു മോളുടെ റിവിഷൻ ഹർജി നിരസിക്കുകയുണ്ടായി. ഡയറക്ടറുടെ തീരുമാനത്തിനെതിരെയുള്ള റിവിഷൻ ബി.1/ 142/2020/പൊ.വി.വ എന്ന ഫയലിൽ 09.06.2021-ന് നേരിൽ വാദം കേൾക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 07.08.2021-ലെ ജി.ഒ(ആർ.റ്റി) 3586/2021/പൊ.വി.വ പ്രകാരം ഹർജിക്കാരിയുടെ നിയമനം വ്യവസ്ഥാപിത ഒഴിവിലേയ്ക്കാണെന്നും പ്രസ്തുത തസ്തികയിലേയ്ക്ക് വേണ്ടതായ യോഗ്യത ഉണ്ടെന്നും ഉറപ്പു വരുത്തിയശേഷം ദിവസവേതന അടിസ്ഥാനത്തിൽ അംഗീകാരം നല്കുന്നതിന് വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിക്കുകയും ചെയ്തു. അതിൻ പ്രകാരം ഉള്ള പരിശോധനകൾ നടത്തിയശേഷം വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ സർക്കാരിൽ ഫയൽ ചെയ്ത എക്സിബിറ്റ്.പി.9 റിവിഷനാണ് ഇപ്പോൾ പരിശോധനയ്ക്കു വന്നിട്ടുള്ളത്.

3. ഇക്കാര്യത്തിൽ ഹർജിക്കാരി പരാമർശം 1 പുന:പരിശോധനാ ഹർജിയിൽ(Ext. P9) സമർപ്പിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു:-

വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചത് താഴെ പറയുന്ന അപാകതകൾ സൂചിപ്പിച്ചുകൊണ്ടാണ്:-

1. പ്രധാനധ്യാപകനായിരുന്ന ശ്രീ.കബീർ എം.കെ വിരമിച്ച ഒഴിവിൽ സീനിയർ അധ്യാപികയായ ശ്രീമതി. ബിന്ദു.പി.വി എന്ന അധ്യാപികയെ പ്രധാനധ്യാപികയായി നിയമിച്ചിട്ടുണ്ട്. പ്രധാനധ്യാപകൻ വിരമിച്ച ഒഴിവിൽ സീനിയർ അധ്യാപകർക്ക് സ്ഥാന കയറ്റം നൽകുകയാണ് ചെയ്യാറുള്ളത്. ആയതിനാൽ ശ്രീ.കബീർ എം.കെ വിരമിച്ച ഒഴിവിൽ ശ്രീമതി. ബിന്ദുമോൾ.സി.സിയുടെ നിയമനം അംഗീകരിക്കാൻ ആവില്ല.

2. ശ്രീമതി. ബിന്ദുമോൾ.സി.സി.യുടെ ജനന തിയതി 14/01/1974 ആണ്. ഇവർക്ക് 2019 ജനുവരി മാസം 45 വയസ്സ് തികയുന്നുണ്ട്. ശ്രീമതി. ബിന്ദുമോൾ.സി.സിയുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ 2019 ജൂൺ മാസം മുതൽ ഇവർ ഹാജർ പുസ്തകത്തിൽ ഒപ്പുവെച്ചതായി കാണുന്നില്ല. സ്കൂളിൽ ഹാജരാകാതെ നിയമനം അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

ഒന്നാമത്തെ അപാകതയ്ക്ക് താഴെ പറയും പ്രകാരം മറുപടി സമർപ്പിക്കുന്നു.

1.ശ്രീ.കബീർ പ്രധാനധ്യാപകനായി വിരമിച്ച ഒഴിവിൽ സീനിയർ അധ്യാപികയായ ശ്രീമതി.പി.വി.ബിന്ദുവിനെ പ്രധാനധ്യാപികയായി നിയമിക്കുക വഴി സ്കൂളിൽ തസ്തിക ലഭ്യമാണ്. നിയമന ഉത്തരവിൽ ശ്രീ.കബീറിന്റെ വാക്കൻസി എന്ന് രേഖപ്പെടുത്തിയത് ശ്രീമതി.ബിന്ദു.പി.വിയുടെ പ്രമോഷൻ വാക്കൻസി എന്ന് തിരുത്താവുന്നതേയുള്ളൂ.

2.റിവിഷൻ ഹർജിക്കാരിക്ക് 06/09/1993 മുതൽ 03/12/1993 വരെയും, 09/01/1998 മുതൽ 27/03/1998 വരെയും നിയമനാംഗീകാരം ലഭിച്ചിട്ടുള്ളതാകുന്നു. പിന്നീട് 24/09/2018 മുതൽ ശ്രീമതി. സാജി വർഗീസിന്റെ ലീവ് വാക്കൻസിയിൽ നിയമിക്കപ്പെട്ടുവെങ്കിലും നിയമനം നിരസിക്കുകയാണുണ്ടായത്. ഹർജിക്കാരിക്ക് മുൻകാല അപ്രൂവ്ഡ് സർവ്വീസ് ഉള്ളതിനാൽ ഉയർന്ന പ്രായപരിധി പരിഗണിക്കേണ്ടതില്ല എന്ന് 1965 ൽ തന്നെ ഉത്തരവായിട്ടുള്ളതാകുന്നു.

കൂടാതെ ഇക്കാര്യത്തിൽ മറ്റൊരു കേസിൽ 24/01/2020 ന് സർക്കാർ അനുകൂല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതി ഐഷാബി V/S സ്റ്റാറ്റ് ഓഫ് കേരളയിൽ ഇതേ സംഗതിയിൽ 07/04/2021 ന് വിധി പുറപ്പെടുവിക്കുകയും ഉയർന്ന പ്രായ പരിധി സംബന്ധിച്ച് കേസ് പുനപരിശോധിക്കാനും ഉത്തരവായിട്ടുള്ളതാകുന്നു. ആകെയാൽ റിവിഷൻ ഹർജിക്കാരിയുടെ ഉയർന്ന പ്രായ പരിധി എന്ന തടസ്സവാദം നിലനിൽക്കുന്നതല്ല.

3.2019 ജൂൺ മാസം മുതൽ ഞാൻ സ്കൂളിൽ ഹാജരായെങ്കിലും ഹാജർ പുസ്തകത്തിൽ ഒപ്പുവെയ്ക്കുവാൻ പ്രധാനധ്യാപിക അനുവദിച്ചില്ല. കൂടാതെ ഈ തസ്തികയിൽ ശ്രീ.റോയ് എന്ന പ്രൊട്ടക്ടഡ് ടീച്ചറെ വിദ്യാഭ്യാസ ഉപഡയറക്ടർ നിയമിക്കുകയാണുണ്ടായത്. തന്റെ ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പ്രൊട്ടക്ടഡ് ടീച്ചറായ ശ്രീ.റോയിയെ തിരിച്ചുവിളിക്കുകയാണുണ്ടായത്.

തന്റെ സേവനം സ്കൂളിൽ ആവശ്യമില്ലെന്ന് കാണിച്ച് 08/06/2019 ന് പ്രധാനാധ്യാപികയായ ശ്രീമതി.ബിന്ദു.പി.വി മാനേജർക്ക് നൽകിയ കത്ത്. കൂടാതെ താൻ സ്കൂളിൽ ഹാജരായിട്ടും ഒപ്പുവെയ്ക്കാൻ അനുവദിക്കാതെ പഠിപ്പിക്കുവാൻ വരേണ്ടതില്ലെന്ന് കാണിച്ച് മാനേജർക്ക് നൽകിയ 18/09/2019 ലെ കത്തിന്റെ പകർപ്പ്. ഇക്കാര്യത്തിൽ തന്നെ ഒപ്പിടാൻ സമ്മതിച്ചില്ല എന്ന് കാണിച്ച് 09/06/2019 ന് താൻ നൽകിയ കത്തിന്റ പകർപ്പ് എന്നിവ തന്റെ വാദം ശരിവയ്ക്കുന്നു.

നിരവധി കേസുകൾ നടത്തി അവസാനം ലഭ്യമായ സർക്കാർ ഉത്തരവ് ദുർബലപ്പെടുത്തുവാനും നിരാകരിക്കുവാനും വേണ്ടി മാത്രം തന്റെ നിയമനാംഗീകാരത്തിൽ അപാകതകൾ ചൂണ്ടിക്കാട്ടിയ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിയും തന്നെ സ്കൂളിൽ ഹാജരായിട്ടും ഹാജർ പുസ്തകത്തിൽ ഒപ്പിടീക്കുവാൻ സമ്മതിക്കാതിരുന്ന പ്രധാനധ്യാപികയുടെ നടപടിയും ദുർബലപ്പെടുത്തി 06/06/2019 മുതൽ സ്കൂളിൽ നിലനിൽക്കുന്ന തസ്തികയിൽ താൻ പ്രവർത്തിച്ചുവെന്ന് അനുമാനിച്ച് അനുകൂല ഉത്തരവുണ്ടാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു..

4. സർക്കാർ ഇക്കാര്യം ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

ഒന്ന്) അംഗീകൃത മാനേജർ ആയിരുന്ന ശ്രീമതി ത്രേസ്യയുടെ മരണത്തിനുശേഷം അനന്തരാവകാശികൾ ചേർന്ന് ശ്രീ പിഎഫ് ജോൺ എന്ന വ്യക്തിയെ അടുത്ത മാനേജറായി

തിരഞ്ഞെടുത്ത്, അദ്ദേഹത്തിനെ മാനേജറായി അംഗീകാരം നൽകുന്നതിനുള്ള പ്രപ്പോസൽ യഥാസമയം വിദ്യാഭ്യാസ ഓഫീസിൽ നൽകിയിരുന്നതായി മനസ്സിലാക്കാൻ കഴിയുന്നു. വേണ്ടത്ര രേഖകൾ ഇല്ലാത്തതിനാൽ ആയത് വിദ്യാഭ്യാസ ഓഫീസർ മടക്കി നൽകി. തുടർന്ന്, അതിന്മേൽ ഉള്ള അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ആയത് 28-10-2019 ന് നിരസിക്കുകയുണ്ടായെന്നും മനസ്സിലാക്കാൻ കഴിയുന്നു. അതിനെതിരെ സർക്കാരിൽ അപ്പീൽ ഫയൽ ചെയ്യപ്പെട്ടു. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ പരിശോധനയിൽ ഇരിക്കെ, നിയുക്ത മാനേജർ ആയിരുന്ന ശ്രീ ജോൺ അന്തരിച്ചു. ഇദ്ദേഹമാണ് ഹരജിക്കാരിയ്ക്ക് നിയമനം നല്കിയത്.

രണ്ട്) മേൽപ്പറഞ്ഞതിൽ നിന്നും ഹർജിക്കാരിയെ നിയമിച്ച മാനേജർ നല്കിയ നിയമന ഉത്തരവിൽ ഒഴിവിന്റെ സ്വഭാവം ചൂണ്ടിക്കാണിച്ചിട്ടുള്ളത് തിരുത്തി നല്കുന്നതിന് അംഗീകൃതമാനേജർ നിലവിലില്ലാത്ത സാഹചര്യം വ്യക്തമാണ്. എന്നിരുന്നാലും, ശ്രീ.കബീർ പ്രധാനാധ്യാപകനായി വിരമിച്ച ഒഴിവിൽ സീനിയർ അധ്യാപികയായ ശ്രീമതി.പി.വി.ബിന്ദുവിനെ പ്രധാനധ്യാപികയായി നിയമിക്കുക വഴി സ്കൂളിൽ തസ്തിക ഒഴിവ് ലഭ്യമാണെന്നും പ്രസ്തുത തസ്തിക ഒഴിവിലേയ്ക്ക് ഹർജിക്കാരിയല്ലാതെ മറ്റാരെയും നിയമിച്ചിട്ടില്ലെന്നും ഉറപ്പു വരുത്തിക്കഴിഞ്ഞാൽ നിയമന ഉത്തരവിൽ *"ശ്രീ.കബീറിന്റെ വേക്കൻസി"* എന്ന് മരണമടഞ്ഞ നിയുക്തമാനേജർ തെറ്റായി രേഖപ്പെടുത്തിയത് *"ശ്രീമതി.ബിന്ദു.പി.വിയ്ക്ക് പ്രമോഷൻ നല്കിയതുമൂലം ഉണ്ടായ വേക്കൻസി"* എന്ന് പരിഗണിച്ചുകൊണ്ട് അംഗീകാര പ്രൊപ്പോസൽ കണക്കിലെടുക്കുന്നതിന് തർക്കമുണ്ടാകേണ്ടതില്ല. അതുകൊണ്ട്, പ്രസ്തുത പരിശോധനകൾ നടത്തി അംഗീകാര പ്രൊപ്പോസൽ പരിഗണിക്കുന്നതിന് ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു.

മൂന്ന്) ഹർജിക്കാരിക്ക് 06/09/1993 മുതൽ 03/12/1993 വരെയും, 09/01/1998 മുതൽ 27/03/1998 വരെയും നിയമനാംഗീകാരം ലഭിച്ചിട്ടുള്ളതാകുന്നു. ജി.ഒ(പി) 04/2021/ പൊ.വി.വ. തീയതി 06.02.2021 പ്രകാരം 2005-ന മുമ്പ് 51എ അവകാശികളായിരുന്നവരിൽ 2005-നുശേഷം 51എ അവകാശം അനുസരിച്ചുള്ള പുനർനിയമനത്തിന് അർഹതയില്ലാത്തവർക്ക് 2016-17 മുതൽ 2019-20 കാലയളവിൽ പുതുതായ നിയമനം ലഭിക്കുന്നപക്ഷം ഉയർന്ന പ്രായപരിധി ബാധകമാക്കേണ്ടതില്ല. മാത്രമല്ല, പ്രസ്തുത സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്തതാണെന്ന് റിപ്പോർട്ടുണ്ട്. 2018-19 അദ്ധ്യയവർഷം മുതൽ ഇത്തരം സ്കൂളുകളിലെ നിയമനങ്ങളെ നിയന്ത്രിക്കുന്നത് ജി.ഒ(എം.എസ്) 83/2018/പൊ.വി.വ. എന്ന ഉത്തരവാണ്. അതിൻപ്രകാരം ദിവസ വേതന അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം സ്കൂളുകളിലെ പുതിയ നിയമനങ്ങൾ അംഗീകരിക്കാനാകൂ. ദിവസ വേതന അടിസ്ഥാനത്തിൽ നിയമനങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിലിരിക്കുന്ന ഉത്തരവുകളിൽ ഉയർന്ന പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഹർജിക്കാരിയുടെ ദിവസ വേതന അടിസ്ഥാനത്തിലെ നിയമനത്തിന് ഉയർന്ന പ്രായപരിധി ബാധകമാക്കേണ്ടതില്ലെന്ന് ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു.

നാല്) നിയമന ഉത്തരവു സഹിതം 2019 ജൂൺ മാസം മുതൽ ഹർജിക്കാരി സ്കൂളിൽ ഹാജരായെങ്കിലും ഹാജർ പുസ്തകത്തിൽ ഒപ്പുവെയ്ക്കുവാൻ പ്രധാനാധ്യാപിക അനുവദിച്ചില്ല എന്നും തന്റെ സേവനം സ്കൂളിൽ ആവശ്യമില്ലെന്ന് കാണിച്ച് 08/06/2019 ന് പ്രധാനാധ്യാപികയായ ശ്രീമതി.ബിന്ദു.പി.വി മാനേജർക്ക് കത്ത് നൽകിയെന്നും, കൂടാതെ താൻ സ്കൂളിൽ ഹാജരായിട്ടും ഒപ്പുവെയ്ക്കാൻ അനുവദിക്കാതെ പഠിപ്പിക്കുവാൻ വരേണ്ടതില്ലെന്ന് കാണിച്ച് മാനേജർക്ക് 18/09/2019 കത്ത് നൽകിയെന്നും, ഇക്കാര്യത്തിൽ തന്നെ ഒപ്പിടാൻ സമ്മതിച്ചില്ല എന്ന് കാണിച്ച് 09/06/2019 ന് കത്ത് നൽകിയെന്നും ഹർജിക്കാരി അവകാശപ്പെടുന്നുണ്ട്. ഈ വസ്തുതകൾ പരിശോധിച്ചു ബോദ്ധ്യപ്പെടാതെയാണ് ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തന്റെ

നിയമനാംഗീകാരത്തിൽ അപാകതകൾ ചൂണ്ടിക്കാട്ടിയതെന്നും സ്കൂളിൽ ഹാജരായിട്ടും തന്നെ ഹാജർ പുസ്തകത്തിൽ ഒപ്പിടുവാൻ സമ്മതിക്കാതിരുന്ന പ്രധാനാധ്യാപികയുടെ നടപടി പരിശോധിച്ചിട്ടില്ലെന്നും ഹർജിക്കാരി പരാതിപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ 06/06/2019 മുതൽ സ്കൂളിൽ നിലനിൽക്കുന്ന തസ്തികയിൽ താൻ പ്രവർത്തിച്ചുവെന്ന് അനുമാനിച്ച് അനുകൂല ഉത്തരവുണ്ടാകണമെന്ന് അപേക്ഷിച്ചിട്ടുമുണ്ട്. എന്നാൽ, 2019 ജൂൺ മാസം മുതൽ ഇവർ ഹാജർ പുസ്തകത്തിൽ ഒപ്പുവെച്ചതായി കാണുന്നില്ല എന്നും സ്കൂളിൽ ഹാജരാകാതെ നിയമനം അംഗീകരിക്കുവാൻ നിർവ്വാഹമില്ല എന്നുമുള്ള നിലപാടാണ് ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഉള്ളത്. ഇവ പരിശോധിക്കുമ്പോൾ, ജോലിയ്ക്ക ഹാജരാകാത്ത ഏതൊരു വ്യക്തിയ്ക്കും ശമ്പളം അവകാശപ്പെടാനാകില്ല എന്നും ജോലിയ്ക്ക ഹാജരാകാത്ത ഒരു വ്യക്തി ജോലി ചെയ്തുവെന്ന് അനുമാനിക്കാനാകില്ല എന്നുള്ളതും വസ്തുതയാണ്. എന്നിരുന്നാലും, ഹർജിക്കാരി ചൂണ്ടിക്കാണിക്കുന്ന സാഹചര്യങ്ങളുടെ നിജസ്ഥിതി വെളിപ്പെടേണ്ടതുണ്ട്. 08/06/2019, 09/06/2019 , 18/09/2019 തീയതികളിലെ കത്തുകൾ പരിശോധിച്ചതായോ അതിനെ ആസ്പദമാക്കി തന്റേതായ നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയതായോ ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്രമങ്ങളിൽ കാണാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ മേല്പറഞ്ഞ വസ്തുതകൾ സ്കൂൾ രേഖകളുമായി പരിശോധിച്ചു ബോദ്ധ്യപ്പെട്ടും ഇക്കാര്യത്തിൽ പ്രഥമാദ്ധ്യാപികയുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ചും അവയെ ആസ്പദമാക്കി തന്റേതായ നിരീക്ഷണങ്ങൾ രേഖപ്പെടുത്തി ഹർജിക്കാരിയായ ശ്രീമതി ബിന്നു മോൾ സി. സി. യുടെ 6-6-2019 മുതലുള്ള എൽ പി എസ് ടി ഒഴിവിലെ നിയമനം അംഗീകരിക്കുന്ന വിഷയത്തിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശങ്ങളോടെ പാലക്കാട് ഇളവംപാടം കെ ഇ എ എൽ പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി.ബിന്നു മോൾ . സി. സി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജി(Ext. P9 പുന:പരിശോധനാ ഹർജി) തീർപ്പാക്കി അപ്രകാരം ബഹു: കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട് ജില്ല.
മാനേജർ, കെ ഇ എ എൽ പി സ്കൂൾ, ഇളവംപാടം, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, കെ ഇ എ എൽ പി സ്കൂൾ, ഇളവംപാടം, പാലക്കാട്.
ശ്രീമതി. ബിന്നു മോൾ. സി. സി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
കെ ഇ എ എൽ പി സ്കൂൾ, ഇളവംപാടം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S
L
Date: 05-03-2022 15:29:10

സ.ഉ.(സാധാ) നം.1262/2022/GEDN

സെക്ഷൻ ഓഫീസർ